14 (1114) ഉൾനാടൻ മത്സ്യക്കൃഷി ലാഭകരമാക്കാൻ നടപടി

ശ്രീ. എം. മുരളി :
ശ്രീ. എ.കെ. മണി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശുദ്ധജല മത്സ്യക്കൃഷിയുടെ വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിൽ മത്സ്യക്കർഷകർക്ക് പുതിയ ആശ്വാസ പദ്ധതികൾ എന്തൊക്കെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മത്സ്യക്കൃഷി ലാഭകരമാക്കുന്നതിനും വിപുലമാക്കുന്നതിനും കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യക്തമാക്കാം.

ഉൾനാടൻ മത്സ്യക്കൃഷി ലാഭകരമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ജനകീയ മത്സ്യക്കൃഷി പദ്ധതിപ്രകാരം സംസ്ഥാനത്ത് 10,000 ഹെക്ടർ വിസ്തീർണ്ണം വരുന്ന കുളങ്ങൾ, ചിറകൾ, തടാകങ്ങൾ തുടങ്ങിയവയിൽ ഘട്ടംഘട്ടമായി ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ മത്സ്യക്കൃഷി നടപ്പിലാക്കി വരുന്നു.

2. ശുദ്ധജല മത്സ്യക്കർഷക വികസന ഏജൻസികൾ വഴി മത്സ്യകർഷകർക്ക് ധനസഹായം, മത്സ്യവിത്ത് പരിശീലനം, വായ്പ, സാങ്കേതികസഹായം തുടങ്ങിയവ ലഭ്യമാകുന്നു.

3. ഓരുജല മത്സ്യ/ചെമ്മീൻ കർഷക വികസന ഏജൻസികൾ വഴി കർഷകർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. ബാങ്ക് വായ്പ ലഭ്യമാക്കുക, സൗജന്യ പരിശീലനം നൽകുക, മത്സ്യ കൃഷിമുറകളിൽ കർഷകർക്കാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

50 സെന്റിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് സൗജന്യമായ ചെമ്മീൻ വിത്തു വിതരണം ചെയ്യുന്നുണ്ട്. ഒരു കർഷകന് 2500 രൂപയുടെ കാര, ചെമ്മീൻ വിത്ത് ഈ രീതിയിൽ ലഭിക്കും.

4. സംയോജിത മത്സ്യക്കൃഷി മുഖേന പന്നി, കോഴി, താറാവ് എന്നിവയോടൊപ്പം മത്സ്യക്കൃഷിയും നടത്തിവരുന്നു. ഇതിനായി സ്വകാര്യസംരംഭകർക്ക് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുന്നു.

5. എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻകൃഷി പദ്ധതിപ്രകാരം പരമ്പരാഗത ചെമ്മീൻ വാറ്റിന്റെ സ്ഥാനത്ത് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ചെമ്മീൻക്കൃഷി നടത്തുന്നതിന് പദ്ധതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ആലപ്പുഴ, കോട്ടയം ജില്ലകളിൽ കുട്ടനാടൻ പ്രദേശത്ത് ഒരുപ്പു നിലങ്ങളിൽ നെൽക്കൃഷിക്കുശേഷം തരിശായി കിടക്കുന്ന പാടശേഖരങ്ങളിൽ ഒരു ഇടവിളയായി ലാഭകരമായ രീതിയിൽ മത്സ്യക്കൃഷി നടത്തിവരുന്നു.

7. കർഷകർക്ക് ന്യായമായ വിലയ്ക്ക് മത്സ്യവിത്ത് ലഭ്യമാക്കാൻ എല്ലാ ജില്ലകളിലും ജില്ലാ വിത്തുല്പാദന കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ശുദ്ധജല മത്സ്യക്കൃഷിയുടെ വളർച്ചയ്ക്ക് സഹായമാകുന്ന രീതിയിൽ മത്സ്യക്കർഷകർക്ക് ശുദ്ധജല/ഓരുജല മത്സ്യ വികസന ഏജൻസികൾ മുഖേനയും, ജനകീയ മത്സ്യക്കൃഷി പദ്ധതി മുഖേനയും ആശ്വാസ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(സി) വിശദമാക്കാം.

മത്സ്യക്കർഷക വികസന ഏജൻസി വഴി താഴെപ്പറയുന്ന സഹായങ്ങൾ കർഷകർക്ക് നൽകിവരുന്നു.

1. ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങൾ കർഷകർക്ക് ന്യായമായ വിലയ്ക്ക് കൃഷിയിടങ്ങളിൽ എത്തിച്ചുകൊടുക്കുന്നു.

2. നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി സഹായധനമായി ഹെക്ടറിന് 8000/- രൂപ വരെ നൽകുന്നു.

3. മത്സ്യക്കുഞ്ഞിന്റെ വില, തീറ്റ, വളം, എന്നിവയുടെ ചെലവിലേയ്ക്കായി വേണ്ടിവരുന്ന ചെലവിന്റെ 25% അഥവാ പരമാവധി 4,000/- രൂപ വരെ സഹായധനമായി നൽകി വരുന്നു.

4. ശാസ്ത്രീയ മത്സ്യക്കൃഷി, വിത്തുല്പാദന മേഖലകളിൽ പരിശീലനവേളയിൽ പരിശീലകർക്ക് ദിവസേന 25 രൂപ ദിനബത്തയായും യാത്രപ്പടിയായി 40 രൂപയും നൽകുന്നു.

5. പുതിയ കുളങ്ങളുടെ നിർമ്മാണ ചെലവിലേയ്ക്കായി ഹെക്ടറിന് 20,000 രൂപ വരെ സബ്സിഡി നൽകുന്നു.

6. ഒഴുക്ക് ജല മത്സ്യക്കൃഷി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കർഷകർക്ക് സബ്സിഡി നൽകുന്നു.

7. ഹെക്ടർ ഒന്നിന് 3 ടൺ മത്സ്യത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യക്കർഷകർക്ക് ഏയ്റേറ്റർ വാങ്ങുന്നതിന് 10,000 രൂപ വരെ സബ്സിഡി നൽകുന്നു.

8. സംയോജിത മത്സ്യക്കൃഷി നടപ്പാക്കുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് 10,000 രൂപ വരെ സബ്സിഡിയായി നൽകുന്നു.

9. ശുദ്ധജല ചെമ്മീൻ, മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 50,000 രൂപ വരെ സബ്സിഡിയായി നൽകുന്നു.

10. തീറ്റ നിർമ്മാണ യൂണിറ്റൊന്നിന് 1 ലക്ഷം രൂപവരെ സഹായധനമായി നൽകുന്നു.

ഓരുജല മത്സ്യ കർഷക വികസന ഏജൻസി മുഖേന താഴെപ്പറയുന്ന സഹായങ്ങൾ കർഷകർക്ക് നൽകുന്നു.

1. പുതിയ കൃഷിക്കുളങ്ങൾ നിർമ്മിച്ച് ശാസ്ത്രീയമായ രീതിയിൽ ചെമ്മീൻക്കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30,000 രൂപ സബ്സിഡി നൽകി വരുന്നു.

251/2010.

LIBRARY ARCHIVES Kerala Legislative Assembly

2. ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയിലധികം ചെലവുവരുന്നതും 2-5 ദശലക്ഷം വിത്തുല്പാദന ശേഷിയുള്ളതുമായ ഹാച്ചറികൾക്ക് 1 ലക്ഷം രൂപ സബ്സിഡി നൽകുന്നു.

3. അർദ്ധ ഊർജ്ജിത ചെമ്മീൻക്കൃഷി ഫാമുകൾ സ്ഥാപിച്ച് കൃഷി ചെയ്യുന്നതിന് സബ്സിഡി, ഹെക്ടർ ഒന്നിന് 30,000 രൂപ പരമാവധി 10 ഹെക്ടർ വരെയുള്ള ഫാമുകൾക്ക് ഒരു സമയം സബ്സിഡി നൽകുന്നു.

4. ചെമ്മീൻ കൃഷി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ബാങ്ക് വായ്പ ബ്രാക്കിഷ് വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി ലഭ്യമാക്കുന്നു.

5. ശാസ്ത്രീയ ചെമ്മീൻക്കൃഷിയിൽ താൽപര്യമുള്ളവർക്ക് സൗജന്യപരിശീലനം നൽകുകയും പരിശീലകർക്ക് ദിവസവും 50 രൂപ സ്റ്റൈപ്പന്റ് നൽകുകയും ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ മത്സ്യക്കൃഷി പരിപാടി പ്രകാരം കർഷകർക്ക് താഴെപ്പറയുന്ന സാങ്കേതിക സാമ്പത്തികസഹായം നൽകുന്നു.

1. ജനകീയ മത്സ്യക്കൃഷിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന മോട്ടിവേറ്റർമാർക്കും കർഷകർക്കും മത്സ്യക്കൃഷിയിലും മത്സ്യവിത്തു വളർത്തലിലും പരിശീലനം നൽകുന്നു.

2. മത്സ്യവിളവെടുപ്പ്, വിതരണം എന്നിവയെക്കുറിച്ച് മത്സ്യക്കർഷകൻ, മോട്ടിവേറ്റർമാർ എന്നിവർക്ക് പരിശീലനം നൽകുന്നു.

3. കർഷകർക്ക് ഹെക്ടർ ഒന്നിന് 4000 രൂപയിൽ കവിയാത്ത നിരക്കിൽ മത്സ്യവിത്തും തീറ്റയും സൗജന്യമായി നൽകുന്നു.

4. ജനകീയ മത്സ്യക്കൃഷിയുടെ രണ്ടാം ഘട്ടം സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ പ്രവർത്തിക്കുന്ന 6 ഓരുജല മത്സ്യക്കർഷക വികസന ഏജൻസികൾ മുഖേന നടപ്പിലാക്കുന്നു.

5. ഓരു ജലാശയങ്ങളും, ഓരുജല പ്രദേശങ്ങളും വിശദമായി സർവ്വേ ചെയ്യുക, കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുക, കൃഷിക്കാരെ സാമ്പത്തികമായും സാങ്കേതികമായും സഹായിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടുകളുണ്ടാക്കി ബാങ്ക് വായ്പ ലഭ്യമാക്കുക, സൗജന്യ പരിശീലനം നൽകുക, കൃഷിമുറകളിൽ മത്സ്യക്കർഷകർക്കാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

6. 50 സെന്റിനു താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് സൗജന്യമായി 2500/- രൂപയ്ക്കുവരെ ചെമ്മീൻ വിത്ത് വിതരണം ചെയ്യുന്നു.

15 (1115) പണി പൂർത്തീകരിക്കാത്ത ഫിഷിംഗ് ഹാർബർ

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തീകരിക്കാത്ത ഫിഷിംഗ് ഹാർബറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly